# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ:എച്ച്.നജീബ്)

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം- ഹരിപ്പാട് ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം) ആയ ശ്രീ.ഷാജിമോൻ.റ്റി-ക്ക് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് - റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

**ഉത്തരവ് നം.ഇ- 427/എസ്റ്റാ.ബി3/2022/സി.ആർ.ഡി** **തീയതി :25/03/2022**

പരാമർശം- 1. **23.02.2022-ലെ 1895/എസ്റ്റാ.ബി3/2020/സി.ആർ.ഡി നമ്പർ നടപടിക്രമം.**
2. **ഹരിപ്പാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 03.03.2022 ലെ ബി.408/22 നമ്പർ കത്ത്.**
3. **ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 17.03.2022-ലെ ഡി1/686/2022 നമ്പർ കത്ത്.**

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ / എക്സറ്റൻഷൻ ഓഫീസർ (ഹൗസിംഗ് ഗ്രേഡ് -11 /എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) തസ്തികയിലെ ഏറ്റവും സീനിയറായ 15 ഉദ്യോഗസ്ഥർക്ക് 43400-91200 ശമ്പള സ്കെയിലിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്/ഇ.ജി.എസ്) തസ്തികയിലേക്ക് കെ.എസ്.&എസ്.ആർ പാർട്ട് -11 റൂൾ-28(ബി)-ലെ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതിൽ ക്രമനമ്പർ 6 സീനിയോറിറ്റി നമ്പർ 1996 ശ്രീ.ഷാജിമോൻ.റ്റി, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ഹരിപ്പാട് ബ്ലോക്ക്-നെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കൊണ്ടോട്ടി ബ്ലോക്കിൽ നിയമിച്ചിരുന്നു. ടിയാൾക്ക് ഒരു വർഷത്തേക്ക് സ്ഥാനക്കയറ്റം വേണ്ട എന്ന് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ശ്രീ.ഷാജിമോൻ.റ്റി, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ഹരിപ്പാട് ബ്ലോക്ക്-ന് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ടി ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് ;- 1. ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക്
2. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക്
3. ബന്ധപ്പെട്ട വ്യക്തിക്ക് (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ മുഖാന്തിരം)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

വി.ആർ